കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് -2016-2017

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3 /1278/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി : 20.09.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് --- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.3 /1278/2017 തീയതി : 20.09.2017

കണ്ണൂർ ജില്ലയിലെ ചപ്പാരപടവ് ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 26 അന്വേഷണക്കുറിപ്പുകളിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : | ശ്രീ അശോകൻ മഠത്തിൽ , ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-07-2017 മുതൽ 15-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ധന്യ എം വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സജി പി ആന്റണി | 01-04-2016 മുതൽ<br>11-07-2016 വരെ |
| | മുനീറ പാറോൽ | 12-07-2016 മുതൽ<br>03-08-2016 വരെ |
| | പി ജെ മാത്യു | 04-08-2016 മുതൽ<br>31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. സുജിത്ത് കുമാർ പി<br>ശ്രീ എൻ സി ഗിരീഷ് ലാൽ,അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല)<br>ശ്രീ. അനിൽ കുമാർ എൻ<br>ശ്രീ ഹരിദാസ് കെ വി | 01-04-2016 മുതൽ<br>31-07-2016വരെ<br>01-08-2016 മുതൽ<br>25-12-2016 വരെ<br>26-12-2016 മുതൽ<br>16-02-2017 വരെ<br>17-02-2017 മുതൽ<br>31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | അനുജ ജോർജ് | 01-04-2016 | 31-07-2016 |
| | | എം ഗംഗാധരൻ | 01-08-2016 | 03-02-2017 |
| | | താര മോഹൻ | 04-02-2017 | 31-03-2017 |
| | വി ഇ ഒ(തടിക്കടവ് | ബിന്ദു എം പി | 01-04-2016 | 03-11-2016 |

| | | | | |
|---|---|---|---|---|
| | സർക്കിൾ) | സുരേന്ദ്രൻ ടി വി | 04-11-2016 | 31-03-2017 |
| | വി ഇ ഒ(കുവേരി സർക്കിൾ) | സുരേന്ദ്രൻ ടി വി | 01-04-2016 | 31-03-2017 |
| 3 | വെറ്ററിനറി സർജൻ | ഡോ.സെമീർ കെ | 01-04-2016 | 31-03-2017 |
| 4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ബിനുലാൽ | 01-04-2016 | 26-06-2016 |
| | | ഡോ. അരുൺ ശങ്കർ യു | 27-06-2016 | 31-03-2017 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.പ്രീത പി വി | 01-04-2016 | 31-03-2017 |
| 6 | അസി. എഞ്ചിനീയർ | തോമസ് മാത്യു | 01-04-2016 | 31-03-2017 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീലത സി കെ | 01-04-2016 | 31-03-2017 |
| 8 | അസി . സെക്രട്ടറി | എൻ സി ഗിരീഷ് ലാൽ<br>കെ വി സുനിൽ കുമാർ,എച്ച് സി (ഇൻ ചാർജ് ) | 01-04-2016<br>07-01-2017 | 06-01-2017<br>31-03-2017 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ.കെ ജെ ജോസഫ് | 01-04-2016 | 12-07-2016 |
| | | ശ്രീകുമാർ മമ്മാലി | 13-07-2016 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണം. |
| 12 | 1-12 | ഗ്രാമസഭ |
| 13 | 1-13 | പ്രത്യേകാവശ്യത്തിന് ലഭിച്ച ധനസഹായം -യഥാസമയം വിനിയോഗിക്കുന്നില്ല. |
| 14 | 1-14 | മുൻകൂർ നൽകിയതിൽ തിരികെ ലഭിക്കുവാനുള്ള തുകകളുടെ വിവരം |

| | | |
|---|---|---|
| | | |
| 15 | 1-15 | ലൈബ്രറി സെസ്സ് സമയബന്ധിതമായി ഒടുക്കുന്നില്ല |
| ഭാഗം 2 | | |
| 16 | 2-1 | ഡി & ഒ ലൈസൻസ് - അപാകങ്ങൾ |
| 17 | 2-2 | വസ്തുനികുതി അപാകങ്ങൾ |
| 18 | 2-3 | പരസ്യനികുതി -ഈടാക്കുന്നില്ല |
| 19 | 2-4 | വസ്തുനികുതി ക്രമവത്ക്കരണം- പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 20 | 2-5 | മൊബൈൽ ടവർ വസ്തുനികുതി-നിർണ്ണയം അപാകങ്ങൾ |
| ഭാഗം - 3 | | |
| 21 | 3-1 | ട്രഷറിയിൽ നിന്നും ക്യാഷായി പിൻവലിച്ച തുക യഥാസമയം ബാങ്കിൽ ഒടുക്കാത്തതും, ക്യാഷ് ബുക്കിൽ ചേർക്കാത്തതും ക്രമവിരുദ്ധം |
| 22 | 3-2 | പട്ടികജാതി വിദ്ധ്യാർത്ഥികൾക്ക് പഠന മുറി:പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. |
| 23 | 3-3 | രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോട്സ് കിറ്റ് വാങ്ങി നൽകൽ- |

| | | |
|---|---|---|
| | | ക്ലബുകളുടെ ആധികാരികത ബോധ്യപ്പെടുത്തുന്ന രേഖ -ഹാജരാക്കിയില്ല.ചെലവ് തുക 40000 രൂപ തടസപ്പെടുത്തുന്നു. |
| 24 | 3-4 | സർക്കാർ നിബന്ധനകൾ പാലിക്കാതെ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക അനുവദിച്ചത് ക്രമപ്രകാരമല്ല. |
| 25 | 3-5 | പി.എം.എ.വൈ. പദ്ധതി :വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 26 | 3-6 | ഐ.എ.വൈ- പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 27 | 3-7 | പ്രൊജക്ടുകളുടെ നടത്തിപ്പ് വർഷാരംഭത്തിൽ തന്നെ നടപടി സ്വീകരിക്കേണ്ടതാണ്. |
| 28 | 3-8 | മണൽ :- റീ കമ്പ്യൂട്ടഡ് ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയില്ല :ചെലവ് തുക 28000/- തടസ്സപ്പെടുത്തുന്നു |
| 29 | 3-9 | ടാർ വാങ്ങൽ :അധികം തുക നൽകി |
| 30 | 3-10 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല |
| 31 | 3-11 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കുന്നില്ല. |

| | | |
|---|---|---|
| | | |
| 32 | 3-12 | ഔഷധിയിൽനിന്നുമുള്ള മരുന്ന വാങ്ങൽ : മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല |
| 33 | 3-13 | വിനിയാഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 34 | 3-14 | രേഖാമൂലം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയില്ല – 3431395/- രൂപ തടസ്സപ്പെടുത്തുന്നു. |
| ഭാഗം 4 | | |
| 35 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 42 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-9 | ഓഡിറ്റ് ഇംപാക്ട് |

| | | |
|---|---|---|
| 44 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 46 | Appendix- 2 | Income&Expenditure Statement |
| 47 | Appendix- 3 | Receipt& Payment Statement |
| 48 | Appendix- 4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് PR No 12/2016തീയതി 29-02-2016 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 33975972 |
| വരവ് | 72099500 |
| ആകെ | 106075474 |
| ചെലവ് | 82674500 |
| നീക്കിയിരിപ്പ് | 23400974 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തീയതി | തീയതി | തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
| 2016-2017 | 31-07-2017 | 13-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 04-07-2017 | കെ.എസ്.എ/ കെ.എൻ.ആർ/ സി 3- /2017 തീയ്യതി 20.09.17 | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2.വരവിനങ്ങളിൽ വസ്തുനികുതി , തൊഴിൽ നികുതി, ഡി. & ഒ ലൈസൻസ് എന്നീ ഇനങ്ങളുടെ വർഷാന്ത്യ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ഇ.എം.എസ് ലോൺ ഇനത്തിൽ B5 , B16 എന്നീ ഷെഡ്യൂളുകളിലെ തുകകൾ തുല്യമല്ല.

5. ദുരിതാശ്വാസ നിധിയിനത്തിൽ B2 ഷെഡ്യൂളിലെ തുകയും B17 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

6. വിവിധ ഫണ്ടുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ബാങ്ക് / ട്രഷറി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ റിക്കൺസിലിയേഷൻ സ്റ്റേററ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7.വസ്തുനികുതി കുടിശ്ശികയായി 16-17 വർഷത്തെ വാർഷിക കണക്കിലെ B15 ഷെഡ്യൂളിൽ കാണിച്ച തുക യഥാർത്ഥ കുടിശ്ശികയല്ല.(മുൻ വർഷത്തെ കുടിശ്ശിക / തൻ വർഷത്തെ ഡിമാന്റ് / തൻ വർഷത്തെ കളക്ഷൻ തുക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല ).

8. റെമിഷൻ ,റൈറ്റ് ഓഫ് എന്നീ ഇനങ്ങളിലുള്ള തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ഗുണഭോക്തൃവിഹിതമായി ബാലൻസ്ഷീറ്റിലെ ഷെഡ്യൂളിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 28966635 |
| വരവ് | 57709987 |
| ആകെ | 86676622 |
| ചെലവ് | 52848508 |
| നീക്കിയിരിപ്പ് | 33828114 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15005721 | 13435773 | 1569948 | 0 | 89.53 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2617458 | 1242345 | 1375113 | 0 | 47.46 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 25027776 | 10306907 | 14720869 | 0 | 41.18 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 4044660 | 1945154 | 2099506 | 0 | 48 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8414713 | 3128014 | 5286699 | 0 | 37.17 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3300451 | 321905 | 2978546 | 0 | 9.7 |
| ബി.ഫണ്ട് | | 52219260 | 52219260 | 52219260 | 0 | 100 |
| എൻ.ആർ.ഇ. ജി.എസ്. | 523 | 17557323 | 17557846 | 17557814 | 32 | 99.99 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 235 | 83794590 | 164 | 34792977 | 68 | 71 | 69.78 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3354438 | 3601065 | 246627 | 7.35(+) |
| നികുതിയേതര വരവുകൾ | 1999406 | 1666049 | 333357 | 16.67(-) |
| മറ്റുവരവുകൾ | 0 | 0 | | |
| ആകെ | 5353844 | 5267114 | 86730 | 1.6(_) |

തനതു വരുമാനം വർദ്ധിപ്പിക്കുവാൻ വേണ്ട ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 186000 | 79 |
| കർഷകതൊഴിലാളി പെൻഷൻ | 6375560 | 552 |
| വിധവാപെൻഷൻ | 16439960 | 1158 |
| വാർദ്ധക്യകാലപെൻഷൻ | 25176080 | 1991 |
| വികലാംഗപെൻഷൻ | 2946800 | 229 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 334860 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 760000 | 25 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-05-2017 മുതൽ | 01-02-2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | 20-05-2017 വരെ | മുതൽ<br>30-04-2017<br>വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-12-2016മുതൽ<br>05-01-2017 വരെ | 2011-12 മുതൽ<br>2015-16 വരെ | 23.02.2017 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-07-2017 3 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22207 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994ലെ കേ. പി ആർ നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത്ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ 9 തവണ സ്റ്റാഫ് മീറ്റിങ് ചേർന്നിട്ടുണ്ടെങ്കിലും മിക്കവാറും സ്റ്റാഫ് മീറ്റിങ് മിനുട്സിൽ ചർച്ച ചെയ്ത വിവരങ്ങളോ തീരുമാനമെടുത്ത വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

(രണ്ട്) ജീവനക്കാരുടെ ജോലി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ഓഫീസ് ഓർഡർ പരിപാലിച്ച വരുന്നുണ്ട്.

## 1-12 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 18 വാർഡുകളിലെയും ഗ്രാമ സഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 3 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ

തയ്യാറാക്കൽ, , സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ,ശുചിത്വമിഷന്റെ പ്രവർത്തനം ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചർച്ചകൾ എന്നിവ ഗ്രാമസഭയിൽ നടത്തിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

## 1-13 പ്രത്യേകാവശ്യത്തിന് ലഭിച്ച ധനസഹായങ്ങളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ലഭിച്ചതും 31-03-17 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| നീക്കിയിരിപ്പുള്ള തുക | വിശദാംശങ്ങൾ | തുക നീക്കിയിരിപ്പുള്ള അക്കൗണ്ട് |
|---|---|---|
| 109470 | ആയുർവേദ ആശുപത്രി മെയിന്റനൻസിന് വേണ്ടി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച തുക | ട്രഷറി ടി.എസ്.ബി |
| 1353 | എം.പി ഫണ്ടിനത്തിലെ തുക | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ എം.പി ഫണ്ട് അക്കൗണ്ട് |
| 12697 | സോളിഡ് വേസ്റ്റ് മാനേജ്മെന്റിനത്തിൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 741249 | ഐ.സി.ഡി.എസ് പദ്ധതിക്ക് വേണ്ടി സെൻട്രൽ ഷെയർ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ച തുക | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 564 | സർവ്വ ശിക്ഷാ അഭിയാനിൽ നിന്നും ലഭിച്ച തുക | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 6567 | സാക്ഷരതാ മിഷനിൽനിന്നും ലഭിച്ച തുക | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് |

| | | |
|---|---|---|
| | | ഫണ്ട് അക്കൗണ്ട് |
| 446160 | സോളിഡ് വേസ്റ്റ് മാനേജ്മെന്റിനത്തിൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക | ട്രഷറി ടി.എസ്.ബി |
| 15000 | കേരള സ്റ്റേറ്റ് യൂത്ത് വെൽഫേർ ബോർഡിൽ നിന്നും ലഭിച്ച തുക | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 675000 | ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക | കേരള ഗ്രാമീണ ബാങ്കിലുള്ള പെൻഷൻ ഫണ്ട് അക്കൗണ്ട് |
| 179305 | ബയോഡൈവേർസിറ്റി പദ്ധതിക്കായി ലഭിച്ച തുക | ആലക്കോട് എസ്.ബി.ഐ യിലുള്ള ബയോഡൈവേർസിറ്റി ഫണ്ട് അക്കൗണ്ട |
| 580964 | ബ്ലോക്ക് വിഹിതം | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 21000 | നെൽകൃഷി വികസനമിനത്തിൽ ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച തുക | ട്രഷറി ടി.എസ്.ബി |
| 113122 | ഭവന പുനരുദ്ധാരണത്തിന് വേണ്ടിജില്ലാ പഞ്ചായത്തിൽനിന്നും 2012ൽ ലഭിച്ച തുകയിലെ നീക്കിയിരിപ്പ് | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 325000 | ഹെൽത്ത് മിഷൻ അവാർഡിനത്തിൽ ലഭിച്ച 300000/-രൂപയും ലഹരി മുക്ത | കുവേരി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |

| | | |
|---|---|---|
| | പദ്ധതിക്കായി എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ച 25000/-രൂപയും | |
| 258480 | ആശ്രയ പദ്ധതിക്കായി കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും ലഭിച്ച തുക | കേരള ഗ്രാമീണ ബാങ്കിലുള്ള പെൻഷൻ ഫണ്ട് അക്കൗണ്ട് |
| 675000 | ഒ.ഡി.എഫ് തുക | കേരള ഗ്രാമീണ ബാങ്കിലുള്ള പെൻഷൻ ഫണ്ട് അക്കൗണ്ട് |

വിനിയോഗിക്കാൻ ബാക്കിയുള്ള തുക സത്വരമായി വിനിയോഗിക്കേണ്ടതും, വിനിയോഗിക്കാത്തവ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതുമാണ്.

## 1-14 മുൻകൂർ നൽകിയതിൽ ക്രമീകരിക്കുവാൻ ബാക്കിയുള്ള തുകകളുടെ വിവരം

വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നല്കിയതിൽ താഴെപറയുന്ന തുകകൾ ക്രമീകരിക്കുവാൻ ബാക്കിയുണ്ട്.

| ക്രമീകരിക്കുവാൻ ബാക്കിയുള്ള തുക | ഇനം |
|---|---|
| 61876 | സാക്ഷരതാ പ്രേരക്കുമാർക്ക് തനത് ഫണ്ടിൽനിന്നും നൽകിയ തുക |
| 1000 | ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ നൽകിയ തുക |

## 1-15 ലൈബ്രറി സെസ്സ് സമയബന്ധിതമായി ഒടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിച്ചതിൽ നിന്നും ഗ്രന്ഥശാലാവരിയിനത്തിൽ 191041.50 രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാൻ ബാക്കിയുണ്ട്. തൻ വർഷം ഈ ഇനത്തിൽ തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല. സർക്കുലർ നമ്പർ 10088/ എൽ3/05 /ത.സ്വ.ഭ.വ.20.9.2015 പ്രകാരം എപ്രിൽ 30നകം ഒന്നാം ഗഡുവും നവംമ്പർ 30-നകം രണ്ടാംഗഡുവും ഒടുക്കേണ്ടതാണ്. ഗ്രന്ഥശാലാവരിയിനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക താമസം കൂടാതെ ഒടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകങ്ങൾ

(1)റേഷൻ കടകൾക്ക് ഡി ആന്റ് ഒ ലൈസൻസ് എടുത്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്ത റേഷൻ കടകൾ ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചു വരുന്നത്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | റേഷൻകട സ്ഥിതി ചെയ്യുന്ന സ്ഥലം | റേഷൻകട നമ്പർ |
|---|---|---|
| 1 | കോട്ടക്കാനം | 73 |
| 2 | രാമപുരം | 281 |
| 3 | കരിങ്കയം | 286 |
| 4 | കരുവഞ്ചാൽ | 79 |
| 5 | തടിക്കടവ് | 72 |
| 6 | എരുവാട്ടി | 66 |
| 7 | തലവിൽ | 291 |

മേൽ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി ഡി ആന്റ് ഒ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്,

(1) ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്.വാർഡ് തലത്തിലുള്ള ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കി ഡി&ഒ ലൈസൻസ് ഈടാക്കേണ്ടതാണ്.

(2)ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാര ങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെः-

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | അപേക്ഷ ലഭിച്ച തീയ്യതി | ലൈസൻസ് ഫീ, രശീതി നം., |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | തീയ്യതി |
| 75 | കരിയിൽ മോഹനൻ | പലചരക്ക് | 23-5-2016 | 50<br>11603100892<br>25-5-16 |
| 76 | സണ്ണി മാത്യു | ബേക്കറി സാധനങ്ങൾ | 25-5-2016 | 100<br>11603100899<br>25-5-16 |
| 77 | ഏലിയാസ് എം.വി | പൊടി വിൽപ്പന | 11-5-2016 | 500<br>11603100911<br>26-5-16 |
| 78 | പുതിയ വീട്ടിൽ മുകുന്ദൻ | കച്ചവടം | 23-5-2016 | 200<br>11603100939<br>28-5-16 |

ഇത് മേൽ ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ വർഷം മുഴുവനും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരമുള്ള നടപടി (1996 ലെ കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 2 കൂടി കാണുക) സ്വീകരിക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട്/പുതുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(3) ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2016-17വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച ചില അപേക്ഷകൾ മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന പരിശോധനയിൽ കാണുകയുണ്ടായി. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷിച്ച തീയ്യതി, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തിക്കാണുന്നില്ല. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി & ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യേണ്ടത്.എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനുള്ള ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള അനുമതിപത്രം

ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 വസ്തുനികുതി അപാകങ്ങൾ

I.വാർഡ് നമ്പർ 1 ൽ ഉൾപ്പെട്ട 1/457,1/458 1/459, 1/460 എന്നീ നമ്പറുള്ള(100m2ന് മുകളിലുള്ള) കെട്ടിടങ്ങൾ സുൽഫിക്കർ അലി & ആറാം കണ്ടത്തിൽ ഷഹനാസ് എന്നിവരുടെ ഉടമസ്ഥതയിലും ഡി ആന്റ് ഒ രജിസ്റ്റർ(ലൈസൻസ് നം15) പ്രകാരം മാവേലി സ്റ്റോറായി പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിലെ മുറികൾ വ്യത്യസ്ത നമ്പർ നൽകിയതിനാൽ കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്.പ്രസ്തുത മുറികളുടെ ആകെ തറവിസ്തീർണ്ണം 131.36 m2 ആണ്.എന്നാൽ പ്രത്യേകം പ്രത്യേകം പരിഗണിച്ചതിനാൽ 100m2 താഴെയുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (69/2013 തീയതി 27.5.2013) 100 ചതുരശ്ര മീറ്റർ വരെയുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ ,ഗോഡൗണുകൾ എന്നിവയ്ക്ക് ഒരു ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 60 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ നിന്നും നിയമപരമായ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II.ഗ്രാമപഞ്ചായത്തിന്റെ ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ 11/491,11/492,11/493 എന്നീ കെട്ടിട നമ്പറിലുൾപ്പെട്ട മുറികൾ പി എസ് ബിജുമോൻ എന്നയാൾക്ക്,ഒമേഗ സ്റ്റോൺ ക്രഷർ എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് (നം 107)നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത കെട്ടിട നമ്പർ ഉൾപ്പെട്ട കെട്ടിടം ഗ്രാമപഞ്ചായത്തിന്റ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ തരം എന്നതിൽ പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

III.ഗ്രാമപഞ്ചായത്തിന്റെ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം വാർഡ് നമ്പർ 8 ഉൾപ്പെട്ട 175-ാം നമ്പർ കെട്ടിടം ജില്ലി ഉല്പാദനത്തിനും വിതരണത്തിനും പി സുധ സുമേഷ് എന്നയാൾക്ക് ലൈസൻസ് നം 45 പ്രകാരം അനുവദിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിന്റ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ കൊടുത്ത വ്യക്തിയുടെ പേരിൽ തന്നെ 34.4 m2 ഉള്ള ടി കെട്ടിടം പാർപ്പിടാവശ്യത്തിനാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

IV.ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 1 ൽ ഉൾപ്പെട്ട 161-I,161 J എന്നീ കെട്ടിട നമ്പർ ഉള്ള മുറികൾ എ എൻ .തിടിൽ എന്നവർക്ക് ഉണ്ണി കച്ചവടം,ഐസ്ക്രീം,കൂൾ ഡ്രിംഗ്സ്,സ്റ്റേഷനറി എന്നിവ നടത്തുന്നതിനായി ലൈസൻസ് നമ്പർ 208 പ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

V.ഗ്രാമപഞ്ചായത്തിന്റെ 11 വാർഡിലുൾപ്പെട്ട മുഹമ്മദ് കുഞ്ഞി എന്നവരുടെ ഉടമസ്ഥതയിലുള്ള 561 B എന്ന നമ്പരിൽ പെട്ട 230m2 വിസ്തീർണ്ണമുള്ള പ്രസ്തുത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി കണക്കാക്കിയത് 40 രൂപ നിരക്കിലാണ്.200m2 ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഈടാക്കേണ്ടത്

1m2 ന് 50 രൂപ നിരക്കിലാണ്.

## 2-3 പരസ്യനികുതി -ഈടാക്കുന്നില്ല

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എട്ടപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന് 2016-17 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവുണ്ടായിട്ടില്ല.209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 <u>വസ്തുനികുതി ക്രമവത്ക്കരണം- പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്, എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഇനത്തിൽ ₹ 36312 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും , ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-5 <u>മൊബൈൽ ടവർ വസ്തുനികുതി-നിർണ്ണയം അപാകങ്ങൾ</u>

(എ) മൊബൈൽ ടവറുകൾ- ഡിമാന്റ് ചെയ്യാത്തതും ഉപയോഗക്രമം തെറ്റായ രീതിയിൽ രേഖപ്പെടുത്തിയതും മൂലം ഗ്രാമപഞ്ചാത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ ചിലത് ഡിമാന്റിൽ (സഞ്ചയ സോഫ്റ്റ് വെയർ) ഉൾപ്പെടാതെയും ഉപയോഗക്രമം മാറ്റി രേഖപ്പെടുത്തിയ നിലയിലും പ്രവർത്തിച്ചുവരുന്നു.12-07-2017 ന് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥലപരിശോധന നടത്തിയതിൽ താഴെ കൊടുത്ത വാർഡുകളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ ക്രമവിരുദ്ധമായ രീതിയിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വാർഡ് നം | നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 4 | 2 | ഉപയോഗക്രമം-പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 2 | 15 | 1 | ഉപയോഗക്രമം-പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 3 | 16 | 1 | ഉപയോഗക്രമം-പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 4 | 16 | 1 | ഡിമാന്റ് ചെയ്തിട്ടില്ല |

ഗ്രാമപഞ്ചാത്തിന്റെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം മൊബൈൽ ടവറുകൾക്ക് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് 500 രൂപയാണ്. ആയത് പ്രകാരം നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ലാത്ത മൊബൈൽ ടവറിൽ നിന്നും അതിന്റെ പ്രവർത്തനം ആരംഭിച്ച അന്നുമുതൽ വസ്തുനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്. ബാക്കിയുള്ള 4 മൊബൈൽ ടവറുകളിൽ നിന്നും നാളിതുവരെയായി പാർപ്പിടാവശ്യത്തിനുള്ള നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. അതുകൊണ്ട് തന്നെ ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ കാരണം കുറവ് വന്നിട്ടുണ്ട്. അനധികൃതമായി ഡിമാന്റ് തെറ്റായ രീതിയിൽ രേഖപ്പെടുത്തിയത് വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതും ഇപ്രകാരം അനധികൃതമായി മറ്റ് കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയും കണ്ടെത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി)മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകൾക്ക് വസ്തുനികുതി കണക്കാക്കിയപ്പോൾ മൊബൈൽ ടവറിന്റെ തറ വിസ്തീർണ്ണം ഒഴിവാക്കിയാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ജി ഒ (ആർ ടി) നം 707/2014 തീയ്യതി 07-03-2014 പ്രകാരം മൊബൈൽ ടവറിന്റെ സ്പാൻ ഉൾപ്പെടെയുള്ള ഭാഗം കൂടി പരിഗണിച്ചാണ് മൊത്തം വസ്തുനികുതി കണക്കാക്കേണ്ടത്.എന്നാൽ ഗ്രാമപഞ്ചാത്തിന്റെ പരിധിയിലുള്ള ആകെ 14 മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം ഒഴിവാക്കിയാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്.ഇത് സംബന്ധിച്ച വിശദമായ പരിശോധന നടത്തി മൊബൈൽ ടവറിന്റെ സ്പാൻ ഏരിയ കൂടി പരിഗണനയിലെടുത്ത് വസ്തുനികുതി കണക്കാക്കി വിവരം അറിയിക്കേണ്ടതാണ്.

(സി) മൊബൈൽ ടവറുകളിൽ നിന്നും യഥാസമയം വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി യഥാസമയം ഈടാക്കാതെ കുടിശ്ശികയായി നിലനിൽക്കുന്ന അവസ്ഥയുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ടവറിന്റെ പേര് | വാർഡ് /കെട്ടിട നം | വാർഷിക ഡിമാന്റ് 2011-12 മുതൽ 2012-13 വരെ( | വാർഷിക ഡിമാന്റ് 2013-14 മുതൽ | ഈടാക്കാൻ ബാക്കി യുള്ള നികുതി | ഈടാക്കാൻ ബാക്കിയുള്ളതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1 | എസ് ആർ ടെലി കമ്മ്യൂണിക്കേഷൻസ് | 2/245 | 731 (731x2) | 6732 (6732x2) | 14926 (731x2) (6732x2) | 01-04-11 മുതൽ 31-03-13 വരെയും,01-04-15 മുതൽ 31-03-2017 വരെയും |
| 2 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 8/400A | ഇല്ല | 2500 | 2500 | 2016-17 ലെ മാത്രം |
| 3 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 8/401/A | | 7700 | 7700 | 2016-17 മാത്രം |
| 4 | ജനറൽ മാനേജർ ടെലിക്കോം ഒടുവള്ളി | 8/477/A | ഇല്ല | 900 | 3600 | 2013-14 മുതൽ 2016-17 വരെയുള്ളത്. |
| 5 | വോഡോ ഫോൺ എസ് ആർ സെല്ലുലാർ ലിമിറ്റഡ് | 8/477/B | ഇല്ല | 4050 | 4050 | 2016-17-ലേത് മാത്രം |
| 6 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 11/191 | ഇല്ല | 5200 | 5200 | 2016-17-ലേത് മാത്രം |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 13/88 | ഇല്ല | 7150 | 4650 | 2016-17-ൽ 2500 രൂപ വസ്തുനികുതിയും 125 രൂപ LC യും |
| 8 | അസ്സെൻഡ് കമ്മ്യൂണിക്കേഷൻ | 16/360A | ഇല്ല | 2700 | 5400 | 2015-16,2016-17 |
| 9 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 16/478/ | ഇല്ല | 7560 | 7560 | 2016-17-ലേത് മാത്രം |
| 10 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 16/479 | ഇല്ല | 2520 | 2520 | 2016-17-ലേത് മാത്രം |
| 11 | | 16/480 | 473 | 9000 | 9946 | 2011-12,2012-13, 2016-17 |

ഇപ്രകാരം വസ്തുനികുതി യഥാസമയം ഈടാക്കാത്തത് നടപടി പരിശോധിക്കേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ട നികുതി കൃത്യമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ട്രഷറിയിൽ നിന്നും ക്യാഷായി പിൻവലിച്ച തുക യഥാസമയം ബാങ്കിൽ ഒടുക്കാത്തതും, ക്യാഷ് ബുക്കിൽ ചേർക്കാത്തതും ക്രമവിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികവേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 28-03-2017 ന് 832200 രൂപയുടെ ട്രഷറി ചെക്ക് (1537363) ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിൽ നൽകിയിട്ടുണ്ട്. ആയത് 31-03-2017 ന് ക്യാഷായിട്ടാണ് പിൻവലിച്ചിട്ടുണ്ടെങ്കിലും ഈ തുക എസ്.ബി.ടി കരുവഞ്ചാൽ ബ്രാഞ്ചിൽ ബന്ധപ്പെട്ട വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശംബള വിതരണം നടത്തുന്നതിനുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചത് 4-4-2017 ന് മാത്രമാണ്. പ്രസ്തുത തുക അന്നേ ദിവസങ്ങളിലെ ക്യാഷ് ബുക്കിൽ എടുത്തിട്ടുമില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർച്ച് മാസത്തിന്റെ തിരക്ക് കാരണവും പണസംബന്ധമായ നിയന്ത്രണങ്ങൾ ഉള്ളതിനാലും

കൃത്യസമയത്ത് നിക്ഷേപിക്കാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട തുക കാഷ് ബുക്കിലെടുക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക 85,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. 180 / 17

അടങ്കൽ : 200000/-രൂപ ( വികസന ഫണ്ട് -എസ്.സി.പി)

ചെലവ് :85000/- രൂപ (ബിൽ നം. 8 /16-17/28-03-17 : 40000

ബിൽ നം. 13 /16-17/29-03-17 : 45000/-)

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 2 ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ നിർമ്മാണത്തിന് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി 85000 രൂപ നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ. നം. | ഗുണഭോക്താവ് | നൽകിയ തുക |
|---|---|---|
| 1 | എം ബാലകൃഷ്ണൻ | 40000 |
| 2 | പ്രീത പി പനയൻ | 45000 |

മേൽ ഗുണഭോക്താക്കൾ ആരുംതന്നെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഈ ഇനത്തിൽ ചെലവഴിച്ച 85000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇവർ എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വാങ്ങി നൽകൽ– ക്ലബുകളുടെ ആധികാരികത ബോധ്യപ്പെടുത്തുന്ന രേഖ -ഹാജരാക്കിയില്ല.ചെലവ് തുക 40000 രൂപ തടസപ്പെടുത്തുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യേഗസ്ഥനായി 2016-17 വർഷം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 10രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വാങ്ങി നൽകുന്നതിനായി തുക ചെലവ് ചെയ്തിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ചെലവിന്റെ വിവരം | ഫണ്ട് | തുക |
|---|---|---|---|---|
| 13/17 | രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോട്സ് കിറ്റ് | ചെക്ക് നം തീയ്യതി1537370 29-03-2017(ട്രഷറി ചെക്ക്) | തനത് | 40000 |

പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പത്ത് ക്ലബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നുവെങ്കിലും ബന്ധപ്പെട്ട ക്ലബുകൾ രജിസ്റ്റേഡ് ക്ലബ്ബുകളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 40000 രൂപ തടസപ്പെടുത്തുന്നു.

## 3-4 സർക്കാർ നിബന്ധനകൾ പാലിക്കാതെ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

സർക്കാരിന്റെ 19-01-2017 തീയതിയിലെ സ.ഉ.(സാധാ) 159/17 നമ്പർ ഉത്തരവ് പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില നിലവിലുള്ള 56/-രൂപയിൽ നിന്നും നിബന്ധനകൾക്കു വിധേയമായി 70/-രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ നടപ്പിലാക്കിയ അംഗനവാടി പോഷകാഹാരം എന്ന പ്രൊജക്ടിൽ (SO010//2017) മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള തുക പഞ്ചശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്,പരിയാരം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ലു കുപ്പി നൽകണമെന്ന വ്യവസ്ഥയും അത് ന്യൂട്രിമിക്സ് അടച്ച് സൂക്ഷിക്കുവാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.പ്രസ്തുത നിബന്ധന പാലിക്കാതെ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

## 3-5 പി.എം.എ.വൈ. പദ്ധതി :വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ

2011 ൽ നടത്തിയ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം തയ്യാറാക്കിയ പി എം എ വൈ ഭവനപദ്ധതിയിൽ ആദ്യപട്ടികയിൽ ഉൾപ്പെട്ട 64 ഗുണഭോക്താക്കളിൽ നിന്നും 2016-17 വർഷം 19 ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം ഗ്രാമപഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവിന്റെ വിവരം | തുക നൽകിയ സ്ഥാപനം | തുക |
|---|---|---|---|---|
| 85/17 | പി.എം.എ.വൈ-ഭവന നിർമ്മാണം ബ്ലോക്കിന് വിഹിതം | ബിൽ നമ്പർ 5/16-17 തീയ്യതി 28-02-2017 | സെക്രട്ടറി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 380000 |

| | | | | |
|---|---|---|---|---|
| | നൽകൽ | | | |

ഈ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ- പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി താഴെ കൊടുത്ത പ്രകാരം തുക സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.ആയത് സംബന്ധിച്ച് വിശദീകരണം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ടിന്റെ പേര്, നം | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|
| 1 | ഐ എ വൈ പഞ്ചായത്ത് വിഹിതം (എസ് സി) 15/17 | 1/16-17 തീയ്യതി<br>10-03-2017 | 30000 |
| 2 | ഐ എ വൈ പഞ്ചായത്ത് വിഹിതം (എസ് ടി) 16/17 | 2/16-17 തീയ്യതി<br>10-03-2017 | 32500 |
| 3 | ഐ എ വൈ പഞ്ചായത്ത് വിഹിതം (എസ് സി) 225/17 | 3/16-17 തീയ്യതി<br>10-03-2017=30000<br>ചെക്ക് നം.1537361 dt<br>25-03-17=145000 | 175000 |
| 4 | ഐ എ വൈ പഞ്ചായത്ത് വിഹിതം (എസ് ടി) 226/17 | 4/16-17 തീയ്യതി<br>10-03-2017=27500<br>ചെക്ക് നം.1537361 dt<br>25-03-2017=10000 | 37500 |

മേൽ കൊടുത്ത തുകകൾ വിവിധ വിഭാഗങ്ങളിൽ പെട്ട ഗുണഭോക്താക്കളുടെ ഐ എ വൈ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരവും ഇത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 3-7 പ്രൊജക്ടുകളുടെ നടത്തിപ്പ് വർഷാരംഭത്തിൽ തന്നെ നടപടി സ്വീകരിക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കമുകിൻ തൈ വിതരണം എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 29-03-2017 ന് 97200 രൂപ ആറളം ഫാം കോർപ്പറേഷന് നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട്,നം | ബിൽ നം/തീയ്യതി | തുക | പണം ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 3 | കമുകിൻ തൈ വിതരണം 27/17 | 7/16-17<br>29-03-2017 | 97200 | ആറളം ഫാമിങ്ങ് കോർപ്പറേഷൻ |

എന്നാൽ കമുകിൻ തൈ ലഭ്യമാക്കിയത് 04-07-2017 ന് മാത്രമാണ്.ഇപ്രകാരം കവുങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടാകാനുള്ള കാരണമന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കമുകിൻ തൈകൾ വേനൽക്കാലത്ത് ലഭ്യമായാൽ ജലദൗർലഭ്യം കാരണം കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിലാണ് ജൂലൈ മാസം വിതരണം ചെയ്യേണ്ടിവന്നതെന്നും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾ അംഗീകാരം വാങ്ങിച്ച് നടപ്പിലാക്കുകയാണെങ്കിൽ ഇപ്രകാരം പദ്ധതി പണം മറ്റ് സ്ഥാപനങ്ങൾക്ക് നേരത്തെ നൽകുന്നത് ഒഴിവാക്കാൻ കഴിയുന്നതാണ്.ആയതിനാൽ തുടർ വർഷങ്ങളിൽ പ്രൊജക്ട് അംഗീകാരം വാങ്ങലും നടപ്പാക്കലും കാർഷിക മേഖലക്ക് അനുയോജ്യമായ ജൂൺ ,ജൂലൈ മാസത്തിനുള്ളിൽ തന്നെ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മണൽ :- റീ കമ്പ്യൂട്ടഡ് ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയില്ല :ചെലവ് തുക 28000/- തടസ്സപ്പെടുത്തുന്നു

തൻ വർഷം വൗച്ചർ നമ്പർ 21600696/11-01-17പ്രകാരം 28,000/- രൂപ ഡയറക്ടർ സെന്റർ ഫോർ എൻവയേൺമെന്റ ഡവലപ്മെന്റ് , തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിലെ രണ്ട് കടവുകളിലെ മണൽ ഖനനത്തിന് ആവശ്യമായ

റീ കമ്പ്യൂട്ടഡ് ഓഡിറ്റ് റിപ്പോർട്ടിന്റെ ചാർജിനത്തിൽ നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത

റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/16-17/ 11-07-2017 )മറുപടിയായി പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കും എന്നാണ് മറുപടി നൽകിയത്.റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ, ചെലവ് തുക 28,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ടാർ വാങ്ങൽ :അധികം തുക നൽകി

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പാക്കിയ വിവിധ മരാമത്ത് പ്രവർത്തികൾക്ക് വേണ്ടി HINCOL, BPCL എന്നീ സ്ഥാപനങ്ങളിൽനിന്നും 41,01,151 രൂപയക്ക് തനത് ഫണ്ടിൽനിന്നും ടാർ വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം. / തീയതി | ടാർ -ഇനം | വാങ്ങിയ അളവ് | തുക | ടാർ വാങ്ങിയ സ്ഥാപനം |
|---|---|---|---|---|
| 21600879 /16-03-17 | SS-1 | 91 ബാരൽ | 1099917 | ഹിന്ദുസ്ഥാൻ കോളാസ് |
| | RS-1 | 43 ബാരൽ | 318587 | |
| ആകെ 14,18,504 | | | | |
| 21600880 /16-03-17 | VG 30 | 497 ബാരൽ | 2682647 | ഭാരത് പെട്രോളിയം കോർപ്പറേഷൻ |
| ആകെ | | | 2682647 | |
| ഒട്ടാകെ | | | 4101151 | |

എന്നാൽ പ്രസ്തുത കമ്പനികളിൽ നിന്നും ടാർ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സുകൾ പരിശോധിച്ചതിൽ നിന്നും മേൽ നിർണ്ണയിച്ച അളവ് ടാറിന് ആകെ 3926719രൂപ മാത്രമാണ് ചെലവ് വന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. /തീയതി | സപ്ലൈ ചെയ്ത ടാർ -ഇനം | സപ്ലൈ ചെയ്ത അളവ് | തുക | ടാർ സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 5590 /18-04-17 | VG 30 | 120 ബാരൽ | 603354 | ഭാരത് പെട്രോളിയം കോർപ്പറേഷൻ |
| 3244 /11-04-17 | VG 30 | 100 ബാരൽ | 532298 | |
| 6239 / 19-04-17 | VG 30 | 120 ബാരൽ | 603354 | |
| 6399 / 25-04-17 | VG 30 | 120 ബാരൽ | 603354 | |
| 10945 / 02-05-17 | VG 30 | 37 ബാരൽ | 187761 | |
| ആകെ | | | 25,30,121 | |
| COK /4489 / 24-04-17 | SS-1 | 31 ബാരൽ | 365554 | ഹിന്ദുസ്ഥാൻ കോളാസ് |
| COK /13516 /28-03-17 | SS-1 | 60 ബാരൽ | 722652 | |

| | | | | |
|---|---|---|---|---|
| COK/4260 /20-04-17 | RS -1 | 43 ബാരൽ | 308392 | |
| ആകെ | | | 13,96,598 | |
| ഒട്ടാകെ | | | 3926719 | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2017 മാർച്ച് 15-ന് മുമ്പുള്ള കമ്പനി റേറ്റ് പ്രകാരമാണ് പ്രസ്തുത തുക നൽകിയതെന്നാണ് അസി. എഞ്ചിനീയർ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 14a/12.7.17) മറുപടിയായി പരാമർശിച്ചത്.

ഹിന്ദുസ്ഥാൻ കോളാസിന് അധികം നൽകിയ 21906/- രൂപയും, ഭാരത് പെട്രോളിയം കോർപ്പറേഷന് അധികം നൽകിയ 152526/-രൂപയും ഉൾപ്പെടെ ആകെ 174432/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 174432/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല

KPWDമാന്വലിലെ(ജിഒ(പി)13/2012/PWD/01.02.12)സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതും, നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറുടമ്പടി വെക്കാവുന്നതാണ്. തുടർന്നും കരാർ വെയ്ക്കാതിരുന്നാൽ, കരാർ റദ്ദാക്കേണ്ടതും മാന്വലിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻ വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത കാലാവധിക്കകം കരാർ ചമച്ചില്ലെങ്കിലും നിയമപരമായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പ്രവൃത്തിയുടെ പേര് | കരാറു കാരൻ | പി .എ. സി തുക | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാറുകാരൻ കരാർ ചമച്ച തീയതി | ബിൽ നമ്പർ / തീയതി |
|---|---|---|---|---|---|---|
| 1 | 137/17 കുവേരി GLPS | രാജു ജോസഫ് | 464977 | 20.01.16 | 18.2.16 | 07/18-11-16 |

| | | | | | | |
|---|---|---|---|---|---|---|
| | പാചകപ്പുര നിർമ്മാണം | | | | | |
| 2 | 138/17<br>പടപ്പേങ്ങാട് GLPS പുനരുദ്ധാരണം | ജോ ജോ മാത്യു | 193963 | 20.01.16 | 18.02.16 | 08/19-11-16 |

നിയമപരമായ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കുന്നില്ല

കെ.പി.ഡബ്ല്യൂ.ഡി. മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ആദ്യ തവണ അധിക സമയം നൽകാവുന്നത് ,ആ പ്രവൃത്തി പൂർത്തിയാക്കുവാൻ ആവശ്യമായ യഥാർത്ഥ സമയത്തിന്റെ 25% മാത്രമാണ്.അതുപോലെ ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിനായി പരമാവധി അനുവദിക്കാവുന്ന അധിക സമയം, ആ പ്രവൃത്തി പൂർത്തിയാക്കുവാൻ ആവശ്യമായ യഥാർത്ഥ സമയത്തിന്റെ 50% ആണ് .

അതുപോലെ സെക്ഷൻ 2112.1 പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിനായി അധിക സമയം അനുവദിക്കുമ്പോൾ താഴെപ്പറയും പ്രകാരം പിഴ ഈടാക്കേണ്ടതുമാണ്.

1.ഒന്നാമത്തെ എക്സ്റ്റെൻഷൻ--- പി.എ.സിയുടെ 1 % (ചുരുങ്ങിയത് 1000/-രൂപ ,പരമാവധി 50000/- രൂപ )

2.തുടർന്നുള്ള സമയം ദീർഘിപ്പിക്കൽ---പി.എ.സിയുടെ 2 % (ചുരുങ്ങിയത്2000/-രൂപ ,പരമാവധി 100000/- രൂപ) ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽനിന്നും, അവ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിയമപരമായ പിഴ ഈടാക്കിയിട്ടില്ല. ഈ പ്രവൃത്തികൾ ദീർഘിപ്പിച്ചു നൽകുന്നതിന് കൺവീനർമാർ രേഖാമൂലം അപേക്ഷിച്ചിട്ടുമില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പ്രവൃത്തിയുടെ പേര് | കൺവീനർ | പി .എ. സി തുക/ എം. ബുക്ക് നമ്പർ | പ്രവൃത്തി പൂർത്തിയാക്കാൻ കരാർ പ്രകാരമുള്ള സമയം | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ബിൽ നമ്പർ / തീയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 142/17- തലവിൽ അംഗൻവാടി അറ്റകുറ്റപണി | ജയകുമാർ .പി | 100000/ 87/15-16 | 1 മാസം | 31.03.16 | 03.05.16 | 2/18-12-16 |
| 2 | വായാട്ടുപറമ്പ കവല മണാട്ടി റോഡ് റീടാറിംഗ് | ജോർജ് ജോസഫ് | 300000/ 50/15-16 | 3 മാസം | 31.03.16 | 30.04.16 | 5/18-11-16 |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനുള്ള കാലതാമസത്തിന് നിയമപരമായ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഔഷധിയിൽനിന്നുമുള്ള മരുന്നു വാങ്ങൽ : യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,ആയുർവേദം

പ്രോജക്ട് നം : 199/17

ഫണ്ട് : 2,50,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

(ഡി.ഡി. നം 330939 /31-01-17)

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2,50,000/- രൂപ ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ (ഔഷധി) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ താഴെ കാണിച്ച പ്രകാരം 163176/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായി കാണുന്നത്.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നുകളുടെ വില | മരുന്നുകൾ ലഭിച്ച തീയതി |
|---|---|---|
| 409 /N/16-17 | 120467 | 20.01.17 |
| 3163/N/16-17 | 11620 | 28.02.17 |
| 3698 /N/16-17 | 12438 | 31.03.17 |
| 90021065 | 11960 | 12.06.17 |
| 90023210 | 6691 | 28.06.17 |

ബാക്കി 86824/- രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭിക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ട്, എന്നാൽ ഇവ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവയുടെ വിനിയാഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

(എ).ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ:-

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

പ്രോജക്ട് നമ്പർ : 247 / 17

അടങ്കൽ : 555550 /- രൂപ -ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 554729/- രൂപ

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ എന്ന പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| വൗച്ചർ നമ്പർ / തീയതി | തുക നൽകിയ സ്ഥാപനം | നൽകിയ തുക(രൂപ) |
|---|---|---|
| 21601140 / 31-03-17 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്. ഇ.ബി. ചപ്പാരപ്പടവ്. | 389909 |
| 21601141 / 31-03-17 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്. ഇ.ബി. ആലക്കോട്. | 164820 |

(ബി).എ.ബി.സി പദ്ധതിക്ക് തുക നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

പ്രോജക്ട നമ്പർ : 177 / 17

അടങ്കൽ : 100000 /- രൂപ – വികസന ഫണ്ട് (ജനറൽ)

ചെലവ് : 100000/- രൂപ-
ബിൽ നം: 9/16-17 തീ. 25.11.16

| ഡി.ഡി.നം നമ്പർ / തീയതി | തുക നൽകിയ സ്ഥാപനം | നൽകിയ തുക(രൂപ) |
|---|---|---|

| | | |
|---|---|---|
| 330683 / 05-12-16 | സെക്രട്ടറി കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 |

## 3-14 രേഖാമൂലം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കിയില്ല. 3431395/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

തൻ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ചെലവ് രേഖകൾ ഓഡിറ്റ് റിക്വിസിഷൻ(ഓഡിറ്റ് റിക്വിസിഷൻ നമ്പർ 07/04-07-17) മുഖാന്തിരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ആകെ ചെലവായ 3431395/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നമ്പർ | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ബിൽ നം. / തീയതി | ചെലവ് തുക |
|---|---|---|---|---|
| 1 | 93 | താഴെ എടക്കോം മാംപറമ്പ കോരിക്കാമല റോഡ് ടാറിംഗ് | 01/18-11-16 | 310818 |
| 2 | 239 | അതിരുകുന്ന് എസ്.സി.കോളനിയിൽ കുഴൽ കിണർ നിർമ്മാണം | 64/15-03-17 | 1750 |
| 3 | 122 | എരുവാട്ടി അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണം | 65/15-03-17 | 1750 |
| 4 | 231 | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 66/15-03-17 | 31500 |
| 5 | 153 | താഴെ എടക്കോം ലഡാക്ക് റോഡിൽ പാച്ച് വർക്ക് | 68/15-03-17 | 171886 |
| 6 | 81 | പന്ത്രണ്ടാംചാൽ ജംഗ്ഷൻ ആറുപൊതിപ്പാട് റോഡ് സോളിംഗ് | 69/15-03-17 | 301140 |
| 7 | 214 | തടിക്കടവ് സ്കൂൾ | 74/29-03-17 | 433364 |

| | | | | |
|---|---|---|---|---|
| | | ഇന്റർലോക്ക് സ്ഥാപിക്കൽ | | |
| 8 | 45 | മഞ്ഞക്കാട് അറക്കതട്ട്-കുറ്റിപ്പുഴ റോഡ് പ്രവൃത്തി | 77/29-03-17 | 375520 |
| 9 | 147 | മണിക്കൽ അംഗൻവാടി അടിസ്ഥാന സൗകര്യ വികസനം | 82/29-03-17 | 183656 |
| 10 | 132 | മടക്കാട് ആലിൻകീഴ് കുറിഞ്ചിറക്കൽ റോഡ് സോളിംഗ് | 84/29-03-17 | 333439 |
| 11 | 107 | തടിക്കടവ് അംഗൻവാടിക്ക് മോട്ടോർ സ്ഥാപിച്ച് പ്ലംബിംഗ്--ടാങ്ക് | 86/29-03-17 | 24274 |
| 12 | 141 | തടിക്കടവ് അംഗൻവാടി അറ്റകുറ്റപണി | 88/29-03-17 | 45055 |
| 13 | 108 | അമ്മംകുളം അംഗൻവാടിക്ക് ചുറ്റുമതിൽ നിർമ്മാണം | 92/29-03-17 | 47481 |
| 14 | 99 | പടപ്പേങ്ങാട് സ്കൂൾ വെയിസ്റ്റ് ടാങ്ക് നിർമ്മാണം | 93/29-03-17 | 13266 |
| 15 | 61 | പടപ്പേങ്ങാട് മുസ്ലീംപള്ളി ചിമ്മിച്ചുട്ട റോഡ് റീ-ടാറിംഗ് | 97/29-03-17 | 476095 |
| 16 | 105 | പെരുമാളബാദ് അംഗൻവാടിക്ക് കുഴൽ കിണർ മോട്ടോർ | 99/31-03-17 | 42550 |
| 17 | 114 | വെള്ളരിക്കുഴി അംഗൻവാടിക്ക് ഷീറ്റ് ഇടൽ | 101/31-03-17 | 91468 |
| 18 | 64 | പടപ്പേങ്ങാട് നമ്പടിയാനം മാവിലാംപാറ റോഡ് | 102/31-03-17 | 457921 |

| | | | | |
|---|---|---|---|---|
| | | പുനരുദ്ധാരണം | | |
| 19 | 143 | മംഗര അംഗൻവാടി അറ്റകുറ്റപണി | 103/31-03-17 | 88462 |
| ആകെ | | | | 3431395 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1575144 | അങ്കണവാടി പോഷകാഹാരം | 1174294 | 817616 |
| | ലഭ്യമല്ല | 580964 | ഇനം വ്യക്തമല്ല | | 580964 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 21000 | നെൽകൃഷി വികസനം | | 21000 |
| | 2011-12 | 113122 | ഭവനനിർമ്മാണം | | 113122 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2016-17 | കെ എസ് ഇ ബി | വൈദ്യുതി ലൈൻ വലിക്കൽ | 2160140 dt 31-03-2017 | 389909 | 389909 | 0 |
| 2016-17 | കെ എസ് ഇ ബി | വൈദ്യുതി ലൈൻ വലിക്കൽ | 2160141 dt 31-03-2017 | 164820 | 164820 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് | സഉ(സാധാ) 317/2010 തീയ്യതി 28-01-2010 | 16500000 | 6140385 | 1700100 | 0 | 4440285.00 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57709987 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52848508 |
| വരവിനങ്ങളിലുള്ള നഷ്ടം | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 327432 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br><br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 85000 | കെ വി സുനിൽ കുമാർ ഹെഡ് ക്ലാർക്ക് (അസിസ്റ്റന്റ് സെക്രട്ടറിയുടെ അധിക ചുമതല) |
| 3-3 | 40000 | ശ്രീകുമാർ മമ്മാലി ,ഹെഡ് മാസ്റ്റർ |
| 3-8 | 28000 | ശ്രീ അനിൽ കുമാർ എൻ,സെക്രട്ടറി |
| 3-9 | 1,74,432 | ശ്രീ.ഹരിദാസ് കെ.വി., സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ എഫ് കെ എൻ ആർ സി 1/1102/07 തീയ്യതി 31-01-2008 | 5 |
| 2003-04 | എൽ എഫ് കെ എൻ ആർ സി 1/1102/07 തീയ്യതി 31-01-2008 | |

| | | |
|---|---|---|
| 2006-07 | എൽ എഫ് കെ എൻ ആർ സി 4/508/10 തീയ്യതി 07-01-2011 | 4 |
| 2007-08 | എൽ എഫ് കെ എൻ ആർ സി 1/36/11 തീയ്യതി 07-01-2011 | 1 |
| 2008-09 | എൽ എഫ് കെ എൻ ആർ സി 1/37/11 തീയ്യതി 10-10-2011/03-12-2011 | 1 |
| 2009-10<br>2010-11 | എൽ എഫ് കെ എൻ ആർ സി 6/380/13 തീയ്യതി 04-05-2013/01-06-2013 | 11 |
| 2011-12<br>2012-13 | എൽ എഫ് കെ എൻ ആർ സി 6/1358/14 തീയ്യതി 20-09-2014 | 17 |
| 2013-14<br>2014-15 | കെഎസ് എ കെ എൻ ആർ സി6/817/2015 തീയ്യതി 25.07.2016 | 17 |
| 2015-16 | കെഎസ് എ /കെ എൻ ആർ സി6/2041/2016 തീയ്യതി 29-12-2016 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ./കെ.എൻ.ആർ./സി.3/1278/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 20.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C3/1278/2017

Kerala State Audit Department,

District Audit Office, Kannur,

Phone 0497 2707698

E-Mail: doknr.ksad@kerala.gov.in

Date 20.09.2017

Certified that I have audited the Annual Financial Statement of CHAPARAPPADAVU Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of CHAPARAPADAVU Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

## അനുബന്ധം -2

# Income & Expenditure statement For the period from 01-April 2016 to 31 March 2017

Appendix - 2

CHAPARAPADAVU Grama Panchayath

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|

| | | | |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | 3933118.00 |
| 130000000 | Rental Income from panchayath properties | 1-3 | 178446.00 |
| 140000000 | Fee &User charges | 1-4(b) | 503770.00 |
| 150000000 | Sale &Hire Charges | 1-5(b) | 608420.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | 1-6 | 99510844.00 |
| 170000000 | Interest Earned | 1-8 | 369981.00 |
| 180000000 | Other Income | 1-9 | 2250.00 |
| A | Total Income | | 105106829.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | 1-10(b) | 7266229.00 |
| 220000000 | Administrative Expenses | 1-11(b) | 1744817.00 |
| 230000000 | Operations &Maintanance | 1-12(b) | 466855.00 |
| 240000000 | Interest &Finance Charges | 1-13 | 6697.00 |
| 250000000 | Decentralised Plan programme – Productive Sector | 1-14 | 7812178.00 |
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | 25604189.00 |

| | | | |
|---|---|---|---|
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | 1262968.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | 107142.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | 52228460.00 |
| 255000000 | Maintanance Projects | 1-14(e) | 4579631.00 |
| 256000000 | Other revenue grants and revenue expense | 1-15(a) | 335180.00 |
| 272000000 | Depreciation | 1-17(a) | 4383288.00 |
| B | Total - Expenditure | | 105797634.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (690805.00) |
| 280000000 | Prior period Item | 1-18 | (125005.00) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (565800.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം - 3

# Receipt And Payment Statement

CHAPARAPADAVU Grama Panchayath

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(a) | 28789517.00 |
| | Cash | RP-40(a) | 177118.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 942080.00 |
| 130000000 | Rental Income from Panchayath Properties | RP-3 | 4250.00 |
| 140000000 | Fees &User Charges | RP- 4 | 414870.00 |
| 150000000 | Sale &Hire Charges | RP- 5 | 608420.00 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 11012964.00 |
| 171000000 | Interest Earned | RP- 9 | 369981.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 35432309.00 |
| 350000000 | Other Liabilities | RP-36 | 22098.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 2250.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP- 36 | 4312796.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 2927513.00 |
| 460000000 | Loans,Advances and Deposits | RP- 47 | 1562926.00 |
| Grand Total | | | |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2699751.00 |
| 220000000 | Administrative Expenses | RP-12 | 1744817.00 |
| 230000000 | Operatations &Maintanance | RP-13 | 466855.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3612433.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 11472215.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1262968.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 107142.00 |
| 254000000 | Expenditure of Transferred Institutions and | RP-19 | 955200.00 |

| | | | |
|---|---|---|---|
| | State Sponsored Scheme | | |
| 255000000 | Maintanance Projects | RP-20 | 4579631.00 |
| 256000000 | Other Revenue grants and funds -revenue expense | RP-21 | 335180.00 |
| 280000000 | Prior period Item | RP-26 | -107623.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 4799.00 |
| 350000000 | Other Liabilities | RP-36 | 4148235.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 6697.00 |
| 340000000 | Deposits Received | RP-32 | 1700100.00 |
| 340000000 | Deposits Received | RP-34 | 23600.00 |
| 350000000 | Other Liabilities | RP-36 | 5275129.00 |
| 410000000 | Fixed Assets | RP-38 | 7791881.00 |
| 412000000 | Capital Work In Progress | RP-40 | 5136696.00 |
| 420000000 | Loans ,Advances and Deposits | RP-40 | 5136696.00 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | RP-47 | 1632802.00 |
| | Closing Balance | | |
| | Bank | RP-40(b) | 33758577.00 |
| | Cash | RP-40(b) | 69537.00 |
| Grand Total | | | 86676622.00 |

## അനുബന്ധം-4

# Balance Sheet

CHAPARAPADAVU GRAMA PANCHAYATH

Balance Sheet As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 31486107.35 |
| 311000000 | Earmarked Funds | B-2 | 2632.00 |
| 312000000 | Reserves | B-3 | 66847950.00 |
| | Total Reserve &surplus | | |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 3541875.00 |
| | Total Grants,Funds &Contributions for Specific Purposes | | 3541875.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4440285.00 |
| | Total Loans | | |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1464728.00 |
| 350000000 | Other Liabilities | B-9 | 739293.50 |
| | Total Current Liabilities and Provisions | | 2204021.50 |
| | TOTAL LIABILIITIES | | 108522870.85 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 80361494.00 |
| 411000000 | Accumulated Depreciation | B-11 | (14412929.00) |
| 412000000 | Capital Work In Progress | B-11(a) | 2665318.00 |
| | Total Fixed Assets | | |
| | INVESTMENTS | | |
| | Current Assets,Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 1630012.85 |
| 440000000 | Pre-paid Expenses | B-16 | 4387785.00 |
| 450000000 | Cash and Bank balance | B-17 | 33828114.00 |
| 460000000 | Loans,Advances and Deposits | B-18 | 63076.00 |
| | Total Current Assets,Loans and Advances | | 39908987.85 |
| | Total Assets | | 108522870.00 |